**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **28-02-2023 - ൽ മറുപടിയ്ക്ക്**

**കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി എ.ഡി.ബി. യിൽ നിന്ന് വായ്പ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്ട് (KUWSIP) പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD ഉത്തരവ് പ്രകാരം 07.02.2020-ൽ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയും വിധമാണ്.<br><br>1. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ വിവിധ മേഖലകളിലേക്കുള്ള ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കി സുസ്ഥിരമായ 24x7 കുടിവെള്ളവിതരണം ഉറപ്പാക്കുക.<br>2. നഗരപരിധികളിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തടസ്സരഹിതവും, നീതിയുക്തവുമായ ശുദ്ധജലവിതരണം ഉറപ്പാക്കുക.<br>3. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും, ശുദ്ധജലവിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക.<br>4. പദ്ധതി പൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം (Non Revenue Water -NRW) ദേശീയ അളവുകോലിനു തുല്യമായ 20 ശതമാനത്തിൽ എത്തിക്കുക.<br>5. വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണ നടപടികൾ നടപ്പിലാക്കി, ഉയർന്ന കാര്യക്ഷമത |

| | | | |
|---|---|---|---|
| | | | **കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.**<br><br>**പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിയ്ക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.**<br><br>**തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതി പത്ത് വർഷത്തേക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | **ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷത്തേക്കുള്ള അറ്റകുറ്റപ്പണികൾ മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷ കാലയളവിൽ പൂർണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ